## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6478 | 01.11.2011 - ൽ മറുപടിക്ക് |
| --- | --- |

### രക്ത ബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. സാജു പോൾ: | | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രക്തബാങ്കുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച്, പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (ബി) | രക്ത ബാങ്കുകളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. നിയമപ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ രക്തബാങ്കിന്റെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ആർ.സി.സി. രക്തബാങ്കിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള ജീവനക്കാരെ നിലവിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ തലത്തിൽ രക്തദാന സേനകളുടെ രജിസ്ട്രേഷൻ നടത്തുവാൻ തയ്യാറാകുമോ; | (ഇ) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (എഫ്) | സർക്കാർ രക്തബാങ്കുകളിൽ സ്വമേധയാ രക്തം നൽകുന്നവർക്ക് പ്രതിഫലമോ പ്രോത്സാഹനമോ നൽകാൻ തയ്യാറാകുമോ; സംസ്ഥാനത്തെ രക്തബാങ്കുകളുടെ വിശദ വിവരം വ്യക്തമാക്കുമോ? | (എഫ്) | ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് പ്രകാരം രക്തദാതാക്കൾക്ക് പ്രതിഫലം നൽകുന്നത് നിയമ വിരുദ്ധമാണ്. എന്നാൽ ഏറ്റവും കൂടുതൽ രക്തം ദാനം ചെയ്തിട്ടുള്ളവരെ എല്ലാ വർഷവും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും, കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും ചേർന്ന് ആദരിക്കാറുണ്ട്. ബ്ലഡ് ബാങ്കുകളുടെ വിവരം താഴെ പറയും പ്രകാരമാണ്.<br>സർക്കാർ ബ്ലഡ് ബാങ്കുകൾ - 33<br>സ്വകാര്യ ബ്ലഡ് ബാങ്കുകൾ -122<br>സഹകരണ മേഖല ബ്ലഡ് ബാങ്കുകൾ-7<br>ആകെ- 162 |

സെക്ഷൻ ആഫീസർ